**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1894**
**08.03.2018 ൽ മറുപടി നൽകേണ്ടത്**

## ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി

**ചോദ്യം**
ശ്രീ. അബ്ദുൾ ഹമീദ് പി

**മറുപടി**
ഡോ. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ക്ഷേമപെൻഷനുകളുടെ വിതരണം സംബന്ധിച്ച് ധനകാര്യ വകുപ്പ് എന്തെങ്കിലും നിബന്ധനകൾ നിർദ്ദേശിച്ചിട്ടുണ്ടോ, എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ, | ഉണ്ട്. 06/11/2017 ലെ സഉ( എം എസ്) 483/2017/ധന ഉത്തരവിന്റേയും 21/01/2018 തിയതിയിലെ സഉ( എം എസ്) 61/2018/ധന ഉത്തരവിന്റേയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഒന്നിലധികം ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവരുടെ പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ടോ, എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ, | 06/02/2017 ന് മുൻപ് ഒന്നിലധികം ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ വാങ്ങിവന്നിരുന്നവർക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ ഉയർന്ന നിരക്കിലും രണ്ടാമതൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ട്. 06/02/2017 മുതൽ ഒരാൾക്ക് ഒരു സാമൂഹ്യ സുരക്ഷാ പെൻഷനോ ഒരു ക്ഷേമനിധി ബോർഡ് പെൻഷനോ മാത്രമേ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുകയുള്ളു എന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ക്ഷേമ പെൻഷനുകളുടെ തുക, ഉപജീവനത്തിന് സഹായകരമായ രീതിയിൽ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സംസ്ഥാനത്തെ ക്ഷേമ പെൻഷനുകൾ തുലോം തുച്ഛവും ഒരു വ്യക്തിയുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ പോലും നിറവേറ്റുന്നതിന് പര്യാപ്തവുമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുകയും 2016 ജൂൺ മുതൽ പ്രതിമാസ പെൻഷൻ തുക 600 രൂപയിൽ നിന്ന് 1000/- രൂപയായും 2017 ഏപ്രിൽ മുതൽ പ്രതിമാസം 1100/- രൂപയായും ഉയർത്തിയിട്ടുണ്ട്. മുൻപ് നൽകിയതിന്റെ ഏതാണ്ട് ഇരട്ടിയോളം വരും ഇത്. എൺപത് ശതമാനവും അതിലധികവും മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് പെൻഷൻ 21/02/2018 മുതൽ പ്രതിമാസം 1300 രൂപയായും ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് – സാമൂഹ്യ സുരക്ഷ പെൻഷൻ – മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (എസ് എഫ് സീ -ബി ) വകുപ്പ്**

സ ഉ ( എം എസ്) നം.483 /2017/ധന തിരുവനന്തപുരം തിയതി 06.11.2017

പരാമർശം :- 1. 15/07/2016 തിയതിയിലെ സ ഉ ( എം എസ് ) 282/2016/ധന ഉത്തരവ്
2.15/08/2016 തിയതിയിലെ സ ഉ ( എം എസ് ) 324/2016/ധന ഉത്തരവ്
3 .08/11/2016 തിയതിയിലെ സ ഉ ( എം എസ് ) 437/2016/ധന ഉത്തരവ്
4. 21/01/2017 തിയതിയിലെ സ ഉ ( എം എസ് ) 34/2017/ധന ഉത്തരവ്
5 . 06/02/2017 തിയതിയിലെ സ ഉ ( എം എസ് ) 67/2017/ധന ഉത്തരവ്
6 . 23/03/2017 തിയതിയിലെ സ ഉ ( എം എസ് ) 204/2017/ധന ഉത്തരവ്
7 . 01/08/2017 തിയതിയിലെ സ ഉ ( സാധാ ) 6060/2017/ധന ഉത്തരവ്

**<u>ഉത്തരവ്</u>**

സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിച്ച് കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവാകുകയും ഒരാൾക്ക് ഒരു പെൻഷൻ എന്ന് നിജപ്പെടുത്തുകയും ചെയ്തു. തുടർന്ന് പരാമർശം ( 6) പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ തുക 1000 ൽ നിന്ന് 1100 ആയി വർദ്ധിപ്പിച്ച് കൊണ്ടും ഉത്തരവായിരുന്നു. സംസ്ഥാനത്ത് സാവർത്രിക സാമൂഹ്യ സുരക്ഷാ പെൻഷൻ നടപ്പലാക്കി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനും അതോടൊപ്പം ക്ഷേമനിധി ബോർഡ് പെൻഷനും ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ പരാമർശം (1) മുതൽ(5) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

2. കേരളത്തിൽ നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന 42.5 ലക്ഷത്തോളം പേരും ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങുന്ന 10 ലക്ഷത്തോളം പേരുമുണ്ട്.2011 ലെ സെൻസസ് കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 60 വയസ്സിൽ കൂടുതലുള്ള 42.28 ലക്ഷം പേരാണ് ഉള്ളത്. ഇതിൽ തന്നെ സർവ്വീസ് പെൻഷൻ ലഭിക്കുന്നവരുടേയും ഒരു ലക്ഷത്തിലധികം രൂപ വാർഷിക വരുമാനമുള്ളവരുടേയും എണ്ണം കുറയുകയും ചെയ്യുമ്പോൾ ഇപ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റുന്നവരുടെ എണ്ണം വളരെ കൂടുതലാണെന്ന് വ്യക്തമാകുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ തുക ഗണ്യമായി ഉയർത്തിയിട്ടുള്ള സാഹചര്യത്തിൽ അർഹരായ വ്യക്തികൾക്ക് മാത്രമേ പെൻഷൻ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടത് വളരെ അത്യാവശ്യമാണ്. സാമൂഹ്യ സുരക്ഷാ പെൻഷന്റെ അർഹത മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അത് പരിശോധിക്കുന്നത് പ്രാദേശിക സർക്കാർ തലത്തിലാണ്. ഇത്തരത്തിൽ അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിശോധന നടത്തി അർഹരായ വ്യക്തികൾക്ക് പെൻഷൻ അനുവദിക്കേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യമാണ്. ഇത് കൃത്യമായി ഉറപ്പ്

വരുത്തേണ്ട ഉത്തരവാദിത്വം പ്രാദേശിക സർക്കാരുകളിൽ നിക്ഷിപ്തമാണ്. പ്രസ്തുത സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഇതിനകം പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംയോജിപ്പിച്ചു കൊണ്ടും പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടും താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :

I) അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.

ii) അപേക്ഷകൻ സർവ്വീസ് പെൻഷണർ ആകരുത്.

iii) അപേക്ഷകൻ ആദായനികുതി നൽകുന്ന ആളാകരുത്.

iv) അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്. (പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല)

v) ഒരാൾക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

vi) തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധിബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാപെൻഷൻ സാധാരണനിരക്കിൽ ലഭിക്കുന്നതാണ്.

vii) തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്നതൊഴികെയുള്ള ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾ ക്ഷേമനിധി പെൻഷനൊപ്പം സാമൂഹ്യ സുരക്ഷാ പെൻഷനും വാങ്ങുകയാണെങ്കിൽ ക്ഷേമനിധിപെൻഷൻ അതത് കാലങ്ങളിൽ നിലവിലുള്ള സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാപെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും. 06/02/2017 നുമുൻപ് രണ്ട് പെൻഷനും വാങ്ങിവരുന്നവർക്കാണ് രണ്ടു പെൻഷനും ലഭിക്കാൻ അർഹതയുള്ളത്. 06/02/2017 മുതൽ പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

viii) ഇ.പി.എഫ് പെൻഷനർമാർക്ക് ഇ.പി.എഫ് പെൻഷനു പുറമെ സാധാരണനിരക്കിൽ ഒരു സാമൂഹ്യസുരക്ഷാ പെൻഷനോ അല്ലെങ്കിൽ ഒരു ക്ഷേമനിധി ബോർഡ് പെൻഷനോ അർഹതയുണ്ടായിരിക്കും.

ix) 75 വയസ്സ് കഴിഞ്ഞവർക്ക് വാർദ്ധക്യകാല പെൻഷൻ ഉയർന്ന നിരക്കിൽ തുടർന്നും ലഭിക്കുന്നതാണ്.

x) വ്യത്യസ്ത പ്രാദേശിക സർക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങാൻ പാടില്ല അതായത്, ഏതെങ്കിലും ഒരു പ്രാദേശിക സർക്കാരിൽ നിന്നും മാത്രമേ സാമൂഹ്യ സുരക്ഷാപെൻഷൻ വാങ്ങാവൂ.

xi) എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും/അപേക്ഷകരും സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സത്യപ്രസ്താവന നൽകേണ്ടതാണ്. ഈ സത്യപ്രസ്താവനയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്: (1) താൻ സർവ്വീസ് പെൻഷനർ അല്ല. (2) താൻ ആദായനികുതി നൽകുന്നില്ല (3) തന്റെയോ തന്റെ കുടുംബത്തിന്റെയോ പേരിൽ 2 ഏക്കറിൽ കൂടുതൽ ഭൂമിയില്ല (ഈ നിബന്ധന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ബാധകമല്ല)

xii) പെൻഷൻ ഗുണഭോക്താക്കൾ/പുതിയ അപേക്ഷകർ ആധാർ നമ്പർ പ്രാദേശിക സർക്കാരിൽ ലഭ്യമാക്കണം. ആധാർ നമ്പർ ഇതുവരെ ലഭിച്ചിട്ടില്ലാത്തവരുടെ കാര്യത്തിൽ ഇക്കാര്യം പ്രാദേശിക സർക്കാരിലെ സെക്രട്ടറിക്ക് ബോധ്യമാകുന്ന പക്ഷം തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡോ , റേഷൻ കാർഡോ സ്വീകരിച്ച് കൊണ്ട് പെൻഷൻ നൽകാവുന്നതാണ്. ആധാർ നമ്പർ ലഭിക്കുന്നതുവരെ മാത്രമേ ഇത്തരത്തിലുള്ള ഇളവ് അനുവദിക്കുകയുള്ളൂ.

xiii) 85 വയസ്സ് കഴിഞ്ഞവർ, 80% ത്തിൽ അധികം ശാരീരിക മാനസിക വൈകല്യമുള്ളവർ, സ്ഥിരമായി രോഗശയ്യയിൽ കിടക്കുന്നവർ എന്നിവരുടെ കാര്യത്തിൽ ഇക്കാര്യം പ്രാദേശിക സർക്കാരിലെ സെക്രട്ടറിക്ക് ബോധ്യപ്പെടുന്നപക്ഷം ആധാർ നമ്പർ ഇല്ലാതെ തന്നെ പെൻഷൻ നൽകാവുന്നതാണ്.

xiv) വിധവാ പെൻഷൻ ലഭിക്കുന്നവർ എല്ലാ വർഷവും ഡിസംബർ മാസം താൻ പുനർവിവാഹം ചെയ്തിട്ടില്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സാക്ഷ്യപത്രം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിന്റെ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

xv) ബാങ്ക് വഴി പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ വഴി മസ്റ്ററിംഗ് (mustering) നടത്തേണ്ടതാണ്.

xvi) ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ പ്രാദേശിക സർക്കാരിൽ ലഭിച്ചാൽ അതിന്മേൽ സമഗ്രമായ അന്വേഷണം നടത്തി അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകി കഴിഞ്ഞ് സെക്രട്ടറി അതിന്മേൽ ക്രോസ് പരിശോധന നടത്തിയ ശേഷം മാത്രമേ അപേക്ഷ അംഗീകരിക്കാൻ പാടുള്ളൂ.

xvii) വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മറ്റ് ഭൗതിക സാഹചര്യങ്ങളും പരിശോധിച്ച് അപേക്ഷകൻ യഥാർത്ഥത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹനാണെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ബോധ്യമായാൽ മാത്രമേ മറ്റ് നടപടി ക്രമങ്ങൾ പാലിച്ച് പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.

xviii) DBT Cell സാധുത (validation) നൽകുന്ന തിയതി മുതൽ മാത്രമേ ആദ്യ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടാകു.

xix) അനർഹരായ വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുകയാണെങ്കിൽ അപേക്ഷകനെക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും പ്രാദേശിക സർക്കാർ സെക്രട്ടറിയും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയതിന് തുല്യ ബാധ്യസ്ഥരായിരിക്കും. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതാണ്.

xx) ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന വ്യക്തികളിൽ നിന്ന് പ്രസ്തുത തുക നിയമാനുസരണം സമയബന്ധിതമായി തന്നെ ഈടാക്കുന്നതും, ഇത്തരക്കാർക്ക് ഭാവിയിൽ സർക്കാരിൽ നിന്നും യാതൊരു വിധ ആനുകൂല്യങ്ങൾക്കും ( സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെ) അർഹത ഉണ്ടായിരിക്കുന്നതുമല്ല.

3) പരാമർശം (1),(2),(3),(4),(5) എന്നീ സർക്കാർ ഉത്തരവുകൾ ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മനോജ് ജോഷി ഐ എ എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്എസ്എ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
സഹകരണ സം ഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - വികലാംഗ ക്ഷേമ പെൻഷൻ - എൺപതു ശതമാനത്തിലേറെ വൈകല്യമുള്ളവർക്കു പ്രതിമാസ പെൻഷൻ 1300 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ (എസ്.എഫ്.സി. സെൽ — ബി) വകുപ്പ്**

G.O(Ms)No.61/2018/FIN തീയതി, തിരുവനന്തപുരം, :21/02/2018

---

പരാമർശം: 04/08/2017 ലെ സ.ഉ.(കൈ) 359/2017/ധന നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

2017-18 ലെ ബജറ്റ് പ്രസംഗത്തിൽ എല്ലാ സാമൂഹിക ക്ഷേമ പെൻഷനുകളും 1100 രൂപയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിൻപ്രകാരം വികലാംഗർക്കുള്ള പെൻഷനും മേൽ പരാമർശ പ്രകാരം 1100 രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു. എന്നാൽ എൺപതു ശതമാനത്തിലധികം വൈകല്യമുള്ളവർക്ക് അവരുടെ അവശത പരിഗണിച്ചു പെൻഷൻ തുക വർദ്ധിപ്പിച്ചുനൽകണമെന്നു ആവശ്യമുയർന്നിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വികലാംഗ പെൻഷൻ കൈപ്പറ്റുന്ന ഉപഭോക്താക്കളിൽ എൺപതു ശതമാനവും അതിനുമുകളിലും വൈകല്യമുള്ളവർക്കു മാത്രം പ്രതിമാസം 200 രൂപ (ഇരുനൂറു രൂപ മാത്രം) വർദ്ധനവ് നൽകി പ്രതിമാസപെൻഷൻ 1300 രൂപ (ആയിരത്തി മുന്നൂറു രൂപ മാത്രം) ആയി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ വർദ്ധനവിന് ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ് . സേവന സോഫ്റ്റ് വെയറിൽ ഇതിനനുസ്സരിച്ചുള്ള മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ഐ. കെ. എം എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പ്രതീപ് കുമാർ.ബി
ധനകാര്യ ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ ആക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി ,ത.സ്വ .ഭ വകുപ്പ്

സെക്രട്ടറി, സഹകരണ വകുപ്പ്

പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

സഹകരണ വകുപ്പ് രജിസ്ട്രാർ, തിരുവനന്തപുരം

ഐ&പിആർഡി ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ക്ഷേമനിധി ബോർഡുകളുടെയും ചീഫ് എക്സിക്യൂട്ടിവുമാർക്ക്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതു ജന സമ്പർക്ക വകുപ്പ്

എക്സി. ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

ധനകാര്യ(ബഡ്ജറ്റ്-ഡി) വകുപ്പ്

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ